LIBRARY ARCHIVES Kerala Legislative Assembly

പുതിയതായി ആരംഭിക്കുന്ന കോളേജുകൾ

9 (3726) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര ആർട്സ് ആന്റ് സയൻസ് കോളേജ് ആരംഭിക്കുന്നതിനുള്ള നടപടികൾ പരിഗണനയിലുണ്ട്;

(ബി) ബഡ്ജറ്റിൽ പ്രസ്താവിച്ചതുപ്രകാരം അടിയന്തരമായി ആരംഭിക്കാൻ പ്രൊപ്പോസലുകൾ ഉള്ള കോളേജുകൾ ആരംഭിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരമേറ്റശേഷം അട്ടപ്പാടിയിൽ ഒരു ഗവൺമെന്റ് കോളേജും സർക്കാർ/എയ്ഡഡ് കോളേജുകൾ നിലവിലില്ലാതിരുന്ന 22 നിയോജക മണ്ഡലങ്ങളിൽപ്പെട്ട 17 മണ്ഡലങ്ങളിൽ ഓരോ ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജ് വീതവും വേങ്ങര നിയോജക മണ്ഡലത്തിൽ ഒരു എയ്ഡഡ് കോളേജും അനുവദിച്ചു. തുടർന്ന് കൊല്ലം ജില്ലയിലെ കുര്യോട്ടുമല, കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരി, മലപ്പുറം ജില്ലയിലെ വണ്ടൂർ എന്നിവിടങ്ങളിൽ പട്ടികജാതി പട്ടികവർഗ്ഗ സംഘടനകൾക്കായി ഓരോ കോളേജുവീതവും ആകെ 3 എയ്ഡഡ് കോളേജുകളും, പത്തനംതിട്ട ജില്ലയിലെ ഇലന്തൂരിൽ ഒരു സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജും മലപ്പുറത്ത് ഒരു സർക്കാർ വനിത കോളേജും അനുവദിച്ചു. കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ സർക്കാർ കോളേജ് തുടങ്ങുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. വൈപ്പിൻ നിയോജക മണ്ഡലത്തിൽ കോളേജ് തുടങ്ങുന്നത് സംബന്ധിച്ച് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച പ്രാഥമിക റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്. ആലത്തൂർ, മലമ്പുഴ എന്നീ 2 മണ്ഡലങ്ങളിൽ സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജ് ആരംഭിക്കുന്നതിനുള്ള വിശദമായ പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ഈ വിഷയം പരിഗണിക്കുന്നതാണ്.

റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാംഗ്വേജ് ടെയിനിംഗ് സെന്ററിൽ സാരി നിർബന്ധമാക്കിയ നടപടി

10 (3727) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം പട്ടം റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാംഗ്വേജ് ടെയിനിംഗ് സെന്ററിൽ അദ്ധ്യാപക പരിശീലനത്തിനായി അപേക്ഷ സമർപ്പിച്ച അവസരത്തിൽ, പഠനകാലം നിർബന്ധമായും സാരി ഉടുക്കണം എന്ന നിർദ്ദേശം

നൽകിയതിനെത്തുടർന്ന് വിദ്യാർത്ഥികൾ പൊതുവിദ്യാഭ്യാസ ഡയറക്ടർക്കും വനിതാ കമ്മീഷനും നിവേദനം നൽകിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അദ്ധ്യാപക പരിശീലന കേന്ദ്രങ്ങളടക്കമുള്ള വിദ്യാലയങ്ങളിലെ അദ്ധ്യാപികമാർക്കും വിദ്യാർത്ഥിനികൾക്കും സാരി, ബ്ലൗസ് ഇടാതെ ചുരിദാർ/ സൽവാർ കമ്മീസ് തുടങ്ങിയ വസ്ത്രങ്ങൾ ധരിക്കുന്നതിന് അനുവദനീയമാണെന്ന 4-2-2008-ലെ 68725/ജി3/07/പൊ.വി. സർക്കുലർ ബാധകമാക്കാത്ത ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ പേരിൽ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

നെടുമങ്ങാട് കോളേജിന് പേര് പുതുക്കി നൽകൽ

11 (3729) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെടുമങ്ങാട് സർക്കാർ കോളേജിന് സ്വാതന്ത്ര്യ സമര സേനാനിയും മുൻ എം.പി.-യും ദീർഘകാലം നെടുമങ്ങാട് എം.എൽ.എ.-യും ആയിരുന്ന ശ്രീ. കെ. വി. സുരേന്ദ്രനാഥിന്റെ പേര് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

ഈ വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

കമ്മ്യൂണിറ്റി കോളേജുകൾ

12 (3731) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കമ്മ്യൂണിറ്റി കോളേജുകൾ ആരംഭിക്കാനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് ;

(ഡി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly